LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 71 ലക്ഷം രൂപ; റാന്നി പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നൽകിയിരുന്ന ആദ്യ കരാറുകാരൻ 65 ശതമാനം പണികൾ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. സമയപരിധി കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾ, റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ റീ-ടെണ്ടർ ചെയ്ത് ശ്രീ. തോമസ് ഡൊമിനിക് എന്ന കരാറുകാരന് 25-2-2015-ൽ 6 മാസത്തെ കാലാവധിയിൽ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാൻ വന്ന തടസ്സം മുൻ കരാറുകാരൻ വരുത്തിയ കാലതാമസമാണ്. റാന്നി പോലീസ് സ്റ്റേഷന്റെ അനുബന്ധമായ ക്വാർട്ടേഴ്സ് ജോലി, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, സന്ദർശക മുറി, 'ബി' ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, WPC റെസ്റ്റ് റൂം, ട്രാഫിക് എയ്ഡ് പോസ്റ്റ് എന്നിവയാണ് പുതിയ കെട്ടിട സമുച്ചയത്തിലെ സൗകര്യങ്ങൾ. കെട്ടിട നിർമ്മാണം പൂർത്തിയാക്കി, വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിലേയ്ക്ക് റാന്നി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മാറ്റാവുന്നതാണ്.

അഴിമതി കേസുകൾ

186 (3696) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ അഴിമതി, ക്രിമിനൽ കുറ്റകൃത്യങ്ങൾ എന്നിവയിൽ ആരോപണ വിധേയർ, കുറ്റക്കാരായി കണ്ടെത്തിയവരായിട്ടുള്ള ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ്, ഐ.ആർ.എസ്, മറ്റ് സർക്കാർ ജീവനക്കാർ ആരെല്ലാമെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ ഇപ്പോൾ സർവ്വീസിൽ തിരിച്ചെടുത്തവർ എത്ര; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) അഴിമതി ആരോപണം നേരിടുന്ന മന്ത്രിമാരിൽ കോടതി വിധികൾ പ്രകാരം ആരുടെയെല്ലാം പേരിൽ എന്തെല്ലാം അന്വേഷണങ്ങൾ നടത്തുന്നു എന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും കേസുകളിൽ ഇവരിൽ ആരെയെങ്കിലും കുറ്റക്കാരായി കോടതികളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.